## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **5041**

**28-10-2016 ൽ മറുപടിയ്ക്ക്**

## തരിശിട്ടിരിക്കുന്ന നെൽപ്പാടങ്ങളിൽ നെൽകൃഷി

**ചോദ്യം**

ശ്രീ.എ.പി. അനിൽ കുമാർ
,, ഷാഫി പറമ്പിൽ
,, വി.എസ്.ശിവകുമാർ
,, കെ.മുരളീധരൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കൃഷിക്ക് അനുയോജ്യമായതും തരിശിട്ടിരിക്കുന്നതുമായ നെൽപ്പാടങ്ങളിൽ നെൽകൃഷി ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2008 ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും തരിശു നിലങ്ങൾ മാപ്പിംഗ് നടത്തുന്നതിനുമായി 2016-2017 വർഷം 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനും പുറമെ തരിശ് കിടക്കുന്ന നിലങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. 1054.77 ഹെക്ടർ തരിശുനിലം കൃഷി യോഗ്യമാക്കിയിട്ടിട്ടുണ്ട്. 1321.17 ഹെക്ടർ തരിശു നിലം കൃഷിയോഗ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. 2016-17 സാമ്പത്തിക വർഷം നെൽകൃഷിവികസന പദ്ധതിക്കായി 35 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും നെൽകൃഷിയുടെ പ്രാധാന്യവും തരിശു നിലങ്ങളിൽ നെൽകൃഷി പുനരുജ്ജീവിപ്പിക്കേണ്ട ആവശ്യകതയും മുൻ നിർത്തി 50 കോടി രൂപ നെൽകൃഷി വികസനത്തിനായി പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. 2016-2017 ൽ 15 കോടി രൂപയുടെ അധികപദ്ധതി വിഹിതം വകയിരുത്തിയിരുന്നെങ്കിലും, 17.7382 കോടി രൂപയുടെ ഉപ ധനാഭ്യർത്ഥനക്കുള്ള പ്രൊപ്പോസൽ വിവിധ |

| | | | |
|---|---|---|---|
| | | | പദ്ധതികൾക്കായി കൃഷി വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയും ആയത് 2016-17 ലെ ഒന്നാമത്തെ ഉപധനാഭ്യർത്ഥനയ്ക്കായി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>ആർ.കെ. വി.വൈ. പദ്ധതി പ്രകാരം ഹെക്ടറിന് 7500/- രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ 2017-2018 വർഷം 10000 ഹെക്ടർ സ്ഥലത്ത് തരിശുനെൽകൃഷി വ്യാപിപ്പിക്കുന്നതിനും 2016-2017 വർഷം നടപ്പിലാക്കുന്ന 3000 ഹെക്ടർ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനും പദ്ധതികൾ വിഭാവനം ചെയ്തു വരുന്നുണ്ട്. |
| (ബി) | നെൽകൃഷി പ്രോത്സാഹനത്തിനും നെൽകൃഷിക്കുള്ള സബ്സിഡി നൽകുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | നെൽകൃഷി പ്രോൽസാഹനത്തിനും നെൽ കൃഷിക്കുള്ള സബ്സിഡി നൽകുന്നതിനും സംസ്ഥാന സർക്കാർ താഴെ വിവരിച്ചിട്ടുള്ള നെൽഷിവികസന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു.<br><u>1.സുസ്ഥിര നെൽകൃഷിവികസനം</u><br>ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാദികളുടെ ചിലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു<br><u>2.വികസന ഏജൻസികൾക്കുള്ള ഫണ്ട്</u><br>നെൽകൃഷി അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായ് 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.<br><u>3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം</u><br>പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | 4.പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായുള്ള പദ്ധതി<br>പാടശേഖര സമിതികളുടെ പ്രവർത്തന ചിലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br>5 കരനെൽകൃഷി വികസനം<br>സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതുവരെ 2663.196 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുകയുണ്ടായി<br>6.നെൽകൃഷി ഉൽപ്പാദന ബോണസ്(നോൺ പ്ലാൻ)<br>നെൽകർഷകർക്ക് ഉൽപ്പാദനബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി, നടപ്പിലാക്കുന്നു.<br>7.കാർഷിക സൗജന്യ വൈദ്യുതി പദ്ധതി<br>നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റുവിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-2017 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി<br>8.ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം.)<br>ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.<br>9.ആർ.കെ.വി.വൈ പദ്ധതി പ്രകാരം ഹെക്ടറിന് 7500/- രൂപ നിരക്കിൽ ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. |
| (സി) | എന്തെങ്കിലും കാരണവശാൽ ഭൂവുടമയ്ക്ക് കൃഷിചെയ്യാൻ കഴിയുന്നില്ലെങ്കിൽ നെൽവയലുകൾ തരിശിടാതിരിക്കുന്നതിന് ആ ഭൂമിയിൽ നെൽകൃഷി | (സി) | കൃഷിഭൂമിയുടെ ഉടമസ്ഥന് സ്വയം കൃഷിയിറക്കാൻ കഴിയാത്ത സാഹചര്യത്തിൽ പാടശേഖരസമിതി/സംയുക്ത സംഘങ്ങൾ, കുടുംബശ്രീ/കർഷക സ്വയം സഹായ |

| | | | |
|---|---|---|---|
| | പുനരാരംഭിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ? | | സംഘങ്ങൾ എന്നിവ മുഖേന കൃഷിചെയ്യുന്നതിന് 2008 ലെ കേരളാ നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകൃതമായിട്ടുള്ള പ്രാദേശിക തല നിരീക്ഷണ സമിതികൾ മുഖാന്തിരം നടപടിയ്ക്ക് വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ